# ജാമിഅ നഗറിന് വികസനത്തിന്റെ വാതിൽ തുറക്കുന്നു

**ദൽഹിയിലെ** മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായ ജാമിഅ നഗറിന് വികസന സാധ്യതകൾ ഒരുങ്ങുന്നു. ഇവിടത്തെ 20 'അനധികൃത' കോളനികൾക്ക് നിയമപരിരക്ഷ ലഭിക്കുന്നതിന്റെ മുന്നോടിയായി 13 കോളനികൾക്ക് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ദൽഹി സർക്ക്ൾ എൻ.ഒ.സി നൽകി. ബാക്കി 7 കോളനികളിൽ ഏരിയൽ സർവേ നടത്താനും ഉത്തരവായിട്ടുണ്ട്.


■ ജാമിഅ മില്ലിയ്യ

ന്യൂദൽഹിയുടെ ഭാഗമായിരിക്കെ തന്നെ വ്യക്തമായ ചിറ്റമ്മനയത്തിന് ഇരയാവേണ്ടി വന്ന പ്രദേശമാണ് ജാമിഅ നഗർ. ദൽഹിയിലെ മൂന്ന് പ്രധാന മുസ്‌ലിം ആവാസ കേന്ദ്രങ്ങളിലൊന്നായ ജാമിഅ നഗറിൽ, ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ, പ്രമുഖ മുസ്‌ലിം സംഘടനാ ആസ്ഥാനങ്ങൾ എന്നിവ ഉള്ളതുകൊണ്ട് ദൂരദിക്കുകളിൽ നിന്നുള്ള പലായനം വർഷംതോറും വർധിച്ചുകൊണ്ടിരിക്കുകയാണ്. എന്നിട്ടും കേവല സാങ്കേതിക കാരണങ്ങളുടെ പേരിൽ വികസനം നിഷേധിക്കുകയും 'അനധികൃത കോളനി' പട്ടം നൽകുകയുമാണ് നാളിത്രയായിട്ടും അധികാരികൾ ചെയ്തത്. ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, അഹ്‌ലെ ഹദീസ്, ഓൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ്, മില്ലി കൗൺസിൽ തുടങ്ങിയ പ്രധാന ദേശീയ മുസ്‌ലിം സംഘടനകളുടെ ആസ്ഥാനങ്ങൾ ജാമിഅ നഗറിലാണുള്ളത്.

കേന്ദ്ര നഗരവികസന വകുപ്പിനയച്ച കത്തിൽ എ.എസ്.ഐ ദൽഹി സർക്ക്ൾ സൂപ്രണ്ടായ കെ.കെ മുഹമ്മദാണ് നൂർ നഗർ, ഓഖ്‌ല വിഹാർ, അബുൽ ഫസൽ എൻക്ലേവ്, ഷാഹിൻ ബാഗ്, ഗഫ്ഫാർ മൻസിൽ, തൈമൂർ നഗർ, നയി ബസ്തി തുടങ്ങിയ കോളനികൾക്ക് എൻ.ഒ.സി നൽകിയത്.

## കർണാടകയിൽ 'അനധികൃത ആരാധനാലയങ്ങൾ' തകർക്കുന്നു

**കർണാടകയിൽ** അനധികൃതമായും നിയമവിരുദ്ധമായും നിർമിച്ച അയ്യായിരത്തിലധികം ആരാധനാലയങ്ങൾ തകർക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇതിൽ 4500 ക്ഷേത്രങ്ങൾ, 500 മസ്ജിദുകൾ, 200 ചർച്ചുകൾ, 14 ഗുരുദ്വാരകൾ എന്നിവ ഉൾപ്പെടും. ഡിസംബർ 31-ന് മുമ്പായി ഇവ കണ്ടെത്തുകയും തകർക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്യുമെന്ന് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞു.


■ ശ്രീ ഗണേശ ക്ഷേത്രം പൊളിക്കുന്നതിനെതിരെ വിശ്വാസികളുടെ പ്രതിഷേധം

എല്ലാ അനധികൃത ആരാധനാലയങ്ങളും കണ്ടെത്തുകയും തകർക്കുകയും ചെയ്യണമെന്ന് 2009 സെപ്റ്റംബറിൽ സുപ്രീംകോടതി മുഴുവൻ സംസ്ഥാനങ്ങൾക്കും നോട്ടീസ് നൽകിയിരുന്നു.

## പള്ളിയിൽ വായനശാലയും വിജ്ഞാനകേന്ദ്രവും

**സ്ഥലം** നൽകിയാൽ ഓരോ പള്ളിയിലും വായനശാലയും ഇൻഫർമേഷൻ സെന്ററും സൗജന്യമായി നിർമിച്ചു നൽകും. രാജ്യത്തെ പള്ളി മാനേജ്മെന്റുകൾക്ക് മുന്നിൽ സകാത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയാണ് ഈ വാഗ്ദാനം നൽകിയിരിക്കുന്നത്. "പത്ര പ്രസിദ്ധീകരണങ്ങൾ വായിക്കാനും സർക്കാറിന്റെ ക്ഷേമ പദ്ധതികളും മറ്റും അറിയാനും ഇവ ഉപകരിക്കും"- ഫൗണ്ടേഷൻ പ്രസിഡന്റ് ഡോ. സഫർ മഹ്മൂദ് പറഞ്ഞു. അദ്ദേഹവുമായി ബന്ധപ്പെടാൻ: 09810334141/ info@zakatindia.org

# എസ്.ഐ.ഒ വിന് പുതിയ നേതൃത്വം


മുഹമ്മദ് അസ്ഹറുദ്ദീന്‍


പി.എം സ്വാലിഹ്

**2011–2012** പ്രവര്‍ത്തന കാലയളവിലേക്കുള്ള എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റായി മുഹമ്മദ് അസ്ഹറുദ്ദീന്‍ തെരഞ്ഞെടുക്കപ്പെട്ടു. പി.എം സ്വാലിഹ് ആണ് ജനറല്‍ സെക്രട്ടറി.

മഹാരാഷ്ട്രയിലെ ഭീവണ്ടി സ്വദേശിയായ അസ്ഹറുദ്ദീന്‍ സാമ്പത്തിക ശാസ്ത്രത്തില്‍ എം.ഫില്‍ ബിരുദധാരിയാണ്. എസ്.ഐ.ഒ ദേശീയ സെക്രട്ടറി, മഹാരാഷ്ട്ര സൗത്ത് സോണല്‍ പ്രസിഡന്റ് എന്നീ സ്ഥാനങ്ങള്‍ വഹിച്ചിട്ടുണ്ട്.

മഞ്ചേരി സ്വദേശിയായ പി.എം സ്വാലിഹ് കേരള സംസ്ഥാന പ്രസിഡന്റായിരുന്നു. കൊമേഴ്സില്‍ ബിരുദാനന്തര ബിരുദധാരിയാണ്. എം.ബി.എ, സി.എ കോഴ്സുകള്‍ ചെയ്തുകൊണ്ടിരിക്കുന്നു.

ഷിബിലി അര്‍സലാന്‍ (ബീഹാര്‍), സിബ്ഗത്തുല്ല ഹുസൈനി (എ.പി), ഖാന്‍ യാസിര്‍ (ദല്‍ഹി), ഉമൈര്‍ അനസ് (ദല്‍ഹി), ഷാനവാസ് അലി റൈഹാന്‍ (ബംഗാള്‍), പി. അന്‍സാരി അബൂബക്കര്‍ (യു.പി), ഷൗക്കത്ത് അലി (കര്‍ണാടക), അഷര്‍ വഹീദ് (തമിഴ്നാട്), മുസ്അബ് ഇഖ്ബാല്‍ (എ.പി), ഡോ. ആതിഫ് ഇസ്മാഈല്‍ (എ.പി), ആരിഫ് അലി (രാജസ്ഥാന്‍), ഫസല്‍ ഖുറൈശി (എ.പി), മുഹമ്മദ് ബിലാല്‍ (കര്‍ണാടക), മുജാഹിദുല്‍ ഇസ്ലാം (കര്‍ണാടക), പി.കെ സ്വാദിഖ് (കേരളം) എന്നിവരാണ് ദേശീയ സമിതിയംഗങ്ങള്‍. അലീഗഢ് യൂനിവേഴ്സിറ്റി വിദ്യാര്‍ഥിയായ അന്‍സാരി അബൂബക്കര്‍ മലയാളിയാണ്.

# മുംബൈയില്‍ സ്വകാര്യ സ്ഥാപനത്തില്‍ മതവിവേചനം

**മുംബൈയിലെ** ഒരു സ്വകാര്യ ആരോഗ്യ കമ്പനിയിലെ മുസ്ലിം ജോലിക്കാരന് മതവിവേചനം അനുഭവിക്കേണ്ടിവന്നതായി പരാതി. എബട്ട് ഹെല്‍ത്ത് കെയര്‍ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയില്‍ ടെക്നിക്കല്‍ റെപ്രസന്റേറ്റീവായി ജോലി ചെയ്യുന്ന ഗജന്‍ഫര്‍ ചമന്‍ ശൈഖ് എന്ന യുവാവാണ് പരാതിയുമായി ദേശീയ മനുഷ്യാവകാശ കമീഷനെ സമീപിച്ചിരിക്കുന്നത്. തന്റെ മേലുദ്യോഗസ്ഥനായ ഏരിയ ബിസിനിസ് മാനേജര്‍ മതനിന്ദ കലര്‍ന്ന പദങ്ങള്‍ ഉപയോഗിച്ച് വിളിക്കുകയും ആഘോഷവേളകളില്‍ മനഃപൂര്‍വം ലീവ് നിഷേധിക്കുകയും ചെയ്തതായാണ് പരാതി. ആവശ്യത്തിന് കാഷല്‍, പ്രിവിലേജ് ലീവുകളുണ്ടായിട്ടും വളരെ നേരത്തെ അപേക്ഷിച്ചിട്ടും ശൈഖിന് ഈദുല്‍ ഫിത്വ്റിന് ലീവ് നിഷേധിക്കപ്പെട്ടു. ബക്രീദ് സമയത്ത് ദൂര പ്രദേശത്ത് പ്രത്യേക ഡ്യൂട്ടിക്ക് നിശ്ചയിച്ചുകൊണ്ടും ആഘോഷത്തില്‍ പങ്കെടുക്കുന്നത് വിലക്കി. സി.ഐ.ടി.യുവില്‍ അഫിലിയേറ്റ് ചെയ്ത ഗോവ മെഡിക്കല്‍ റെപ്രസന്റേറ്റീവ് അസോസിയേഷന്‍ പ്രസിഡന്റ് കൂടിയാണ് ശൈഖ്.

## 'വിഷന്‍ 2016'

## മൊബൈല്‍ മെഡിക്കല്‍ വാന്‍

**ഉത്തര്‍** പ്രദേശിലെ ബദായു ഗ്രാമത്തില്‍ ഹ്യൂമന്‍ വെല്‍ഫയര്‍ ട്രസ്റ്റ് ഒരു മൊബൈല്‍ മെഡിക്കല്‍ വാന്‍ സംഭാവന ചെയ്തു. ഡോക്ടറും മറ്റു സ്റ്റാഫുമടങ്ങുന്ന വാനില്‍ പ്രാഥമിക ആരോഗ്യ സംവിധാനങ്ങളും മരുന്നുകളുമുണ്ടാകും. ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളില്‍ സഞ്ചരിക്കുന്ന വാന്‍ നിരവധി ദരിദ്ര രോഗികള്‍ക്ക് ആശ്വാസമാവും. ജമാഅത്തെ ഇസ്ലാമി ദേശീയ ഡെപ്യൂട്ടി അമീര്‍ പ്രഫ. കെ.എ സിദ്ദീഖ് ഹസന്‍ ഉദ്ഘാടനം നിര്‍വഹിച്ചു.

## ശീഈ വഖ്ഫ് ബോര്‍ഡ് ചെയര്‍മാന്‍ രാജിവെച്ചു

**ശീഈ** സെന്‍ട്രല്‍ ബോര്‍ഡ് ഓഫ് വഖ്ഫ് ചെയര്‍മാന്‍ കമാലുദ്ദീന്‍ അക്ബര്‍ രാജിവെച്ചു. മറ്റൊരു ബോര്‍ഡ് മെമ്പറും മുന്‍ നിയമ പ്രിന്‍സിപ്പല്‍ സെക്രട്ടറിയുമായ മസ്ഹര്‍ അബ്ബാസ് ആബിദിയും കൂടെ രാജിക്കത്ത് നല്‍കിയിട്ടുണ്ട്. ബോര്‍ഡിനകത്തെ അസ്വാരസ്യങ്ങളാണ് രാജിയിലേക്ക് വഴിതെളിച്ചതെന്നാണ് റിപ്പോര്‍ട്ട്.

ഇതിനിടെ ലഖ്നൗവില്‍ ശീഈ ഖബ്റിസ്ഥാനില്‍ ഖബ്റടക്കം നടത്തുന്നതിന് ഉയര്‍ന്ന തുക നല്‍കേണ്ടിവരുന്നതിനെതിരെ പ്രതിഷേധം ഉയരുന്നു. ആയിരം രൂപ മുതല്‍ ഒരു ലക്ഷം രൂപ വരെയാണ് ഖബ്ര്‍ കിട്ടാനുള്ള തുക. ഇതുമൂലം ദരിദ്രരായ ശീഈകള്‍ക്ക് ഖബ്റടക്കം അസാധ്യമാകുന്നതായാണ് പരാതി. ധനാഢ്യരായ പലരും ജീവിതകാലത്ത് തന്നെ 'ഹയാത്തീ ഖബ്റുകള്‍' സ്വന്തമാക്കി സൂക്ഷിക്കുന്നതും സ്ഥല ലഭ്യത രൂക്ഷമാകാന്‍ കാരണമായിട്ടുണ്ട്. ഇതിനെതിരെ ചില സംഘടനകള്‍ ജില്ലാ മജിസ്ട്രേറ്റിനെ സമീപിച്ചെങ്കിലും ഉറപ്പുകള്‍ക്കപ്പുറം നടപടികള്‍ ഉണ്ടായിട്ടില്ല.